**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഇടുക്കി ജില്ല — ഏലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഡി. വിക്ടർ രാജിനെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3617/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 09.11.2017

=====================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.09.2016-ലെ ഇ 13(എസ് സി 18/2016/ഐഡികെ/തസ്വഭവ) 14923/16 നമ്പർ കത്ത്

2. സർക്കാരിന്റെ 25.01.2017-ലെ 314/ഇപിബി2/2016/തസ്വഭവ നമ്പർ കുറ്റപത്രം

3. ശ്രീ. ഡി. വിക്ടർ രാജ് സമർപ്പിച്ച 23.03.2017 തീയതിയിലെ പ്രതിവാദ പത്രിക

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നല്കിയതിൽ ക്രമക്കേടുകൾ ഉണ്ടെന്ന സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏലപ്പാറ ഗ്രാമപഞ്ചായത്ത് ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അധികൃതർ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. മിന്നൽ പരിശോധനയിൽ 2015-16 വർഷം ഏലപ്പാറ ഗ്രാമപഞ്ചായത്ത് പുതുതായി പണി കഴിപ്പിച്ച ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ 8 കടമുറികൾ ലേലം ചെയ്ത് കൊടുത്തിട്ടുണ്ടെങ്കിലും അതിനുശേഷം 2015 ഏപ്രിൽ മാസം മുതൽ നാളിതുവരെയും പ്രവീൺ പ്രഭ എന്നയാളൊഴികെ മറ്റാരും വാടക അടച്ചിട്ടില്ലായെന്നും ഇക്കാര്യത്തിൽ പഞ്ചായത്ത് സെക്രട്ടറി ശ്രീ.ഡി. വിക്ടർ രാജ്, കക്ഷികൾക്ക് നോട്ടീസ് അയച്ചിട്ടുണ്ടെങ്കിലും തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എന്നും ടിയാനും വാടകക്കാരും തമ്മിൽ തയ്യാറാക്കിയിരിക്കുന്ന വാടക എഗ്രിമെന്റ് പത്രത്തിൽ നിലവിലെ വാടക എത്രയാണെന്ന കാര്യം പറഞ്ഞിട്ടില്ലായെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഏലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.ഡി. വിക്ടർ രാജിനെതിരെ പരാമർശം (2) പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കി അച്ചടക്ക നടപടി ആരംഭിച്ചു

കുറ്റപത്രത്തിന് ശ്രീ. വിക്ടർ രാജ് പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ടിയാനെ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ നേരിൽ കേൾക്കുകയുമുണ്ടായി. നേരിൽ കേട്ട അവസരത്തിൽ ടിയാൻ കുറ്റപത്രത്തിലെ ആരോപണങ്ങൾ നിഷേധിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ, സെക്രട്ടറി ശ്രീ. വിക്ടർ രാജിന് കഠിനശിക്ഷയുള്ള കുറ്റപത്രം നൽകിയതിനാലും കുറ്റാരോപണങ്ങളെല്ലാം ടിയാൻ നിഷേധിച്ചതിനാലും ശ്രീ. വിക്ടർ രാജിനെതിരെ ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം ഏലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വിക്ടർ രാജിനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
2. ശ്രീ. വിക്ടർ രാജ്, സെക്രട്ടറി, ഏലപ്പാറ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. പ്രസിഡന്റ്, ഏലപ്പാറ ഗ്രാമപഞ്ചായത്ത്, ഇടുക്കി
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/314/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ